# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കണ്ണാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് .എ .പി.കെ.ഡി പി15/143/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/02/2026
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് .എ .പി.കെ.ഡി പി15/143/26

തീയ്യതി: 17/02/2026

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-10-2024 മുതൽ 27-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 03-10-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ | 28-01-2026 | 05-02-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-01-2026 | 05-02-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സുസ്മിത കെ വി - ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഹിഷാം.എം - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത. കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.നൗഫർ എൻ.എച്ച്-ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.എം | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ആർ.രാധാകൃഷ്ണൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.നന്ദിനി.സി | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീ. രാമദാസ് ടി എൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീമതി.ഷഹനാസ്.എസ്.സലീം | കൃഷി ഓഫീസർ |
| ശ്രീമതി അഞ്ജു | കൃഷി ഓഫീസർ |
| ഡോ.ശാലിനി.പി.കെ | വെറ്ററിനറി സർജ്ജൻ |
| ശ്രീമതി.സിനിമോൾ.കെ.ആർ | ഐ.സി.ഡി.എസ്.സൂപ്പർ |
| ശ്രീമതി.ഷീബ | ഐ.സി.ഡി.എസ് സൂപ്പർ |

| | |
|---|---|
| ശ്രീമതി.നഷീദ | വി.ഇ.ഒ.സർക്കിൾ 1 |
| ശ്രീ രജീഷ് | വി.ഇ.ഒ.സർക്കിൾ 1 |
| ശ്രീ.ബിജുമോൻ.ബി | വി.ഇ.ഒ.സർക്കിൾ 11 |
| ശ്രീമതി.ഗീത | ഹെഡ് മിസ്ട്രസ്സ് |
| ശ്രീ.സൈനുലാബുദ്ദീൻ.എ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ഡോ.അജയൻ വിജയഗോപാൽ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| ഡോ.ധന്യമാധവ് | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ഡോ.പത്മസുകന്യ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ശ്രീമതി.ശ്രീലത.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീ |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ലൈഫ് മിഷൻ ലോൺ ,സ്റ്റേറ്റ് ഷെയർ കണക്കുകൾ കൃത്യതയില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ/ഇൻകം വിവരങ്ങൾ ലഭ്യമായില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള പണമിടപാടുകളിലെ ന്യൂനതകൾ | 1-11 |
| 18 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-12 |
| 19 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നതിനും പ്രസ്തുത കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ചുമത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-13 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് | 1-14 |

| | | |
|---|---|---|
| | സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ | |
| 21 | ആംബുലൻസ് വാഹനത്തിന്റെ ഉപയോഗവും വരവും സംബന്ധിച്ച അപാകതകൾ | 1-15 |
| 22 | കോക്ലിയർ ഇംപ്ലാന്റേഷൻ - മെയിന്റൻസിന് തുക അനുവദിക്കൽ-ചെലവഴിക്കാത്ത തുക തിരികെ അടവാക്കിയില്ല | 1-16 |
| 23 | സർക്കാർ ഉത്തരവ് പാലിക്കാതെ ഫാർമസിസ്റ്റിന് വേതനം അനുവദിച്ചു | 1-17 |
| 24 | എം സി എഫിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ - വേ ബ്രിഡ്ജ് ടിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-18 |
| 25 | വയോജനങ്ങൾക്ക് കട്ടിൽ- പട്ടികജാതി ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 26 | വാഹന പരിപാലനം - രേഖകൾ കൃത്യമല്ല | 1-20 |
| 27 | വാട്ടർ എ.ടി.എം - പണം കൈകാര്യ ചുമതല ഏൽപ്പിച്ചിട്ടില്ല | 1-21 |
| 28 | അങ്കണവാടി കെട്ടിട നിർമ്മാണം- സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയില്ല | 1-22 |
| 29 | ബഡ്സ് സ്കൂളിന് വാഹന സൗകര്യം ഒരുക്കൽ പ്രോജക്റ്റ്-അപാകതകൾ | 1-23 |
| 30 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ | 1-24 |
| 31 | മരാമത്ത് പ്രവൃത്തി- പൂർത്തീകരണ കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല | 1-25 |
| 32 | ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും-അവലോകനം | 1-26 |
| 33 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-27 |
| **ഭാഗം 2** | | |
| 1 | വ്യാപാര/സംരംഭക സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് എന്നിവ ഈടാക്കിയതിൽ കുറവ് | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |

# ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ്പ് പദ്ധതി | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രൊജക്കുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


# അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വരവ് ചെലവ് കണക്ക് - സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.20 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 2 തീയതിയിലെ 4/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുക 31-07-2025 എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പ അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പ രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ട ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നി ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടു അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുക അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് ന വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അ എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.

അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.0
സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 17-02-2026

ഡെപ്യൂട്ട

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള
അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ
ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash
Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2855375.00 രൂപയാണ്. എന്ന
പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generate
Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5637
രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട
പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകക
പൊരുത്തപ്പെടുന്നില്ല.

## 1-1-3 ലൈഫ് മിഷൻ ലോൺ ,സ്റ്റേറ്റ് ഷെയർ കണക്കുകൾ കൃത്യതയില്ല

ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ നിക്ഷേപിച്ച ബാങ്ക് അക്കൌണ്ടിൽ തന്നെ KURDF
അക്കൌണ്ട് ചെയ്തിട്ടുള്ളതിനാൽ വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പി
പരിശോധിക്കാൻ കഴിയുന്നില്ല. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല

- ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപ
  തുകയുമായി ഒത്തു നോക്കാൻ സാധ്യമല്ല. നീക്കിയിരുപ്പ് തുക മാത്രമാണുള്ളത്. വിശദ
  രേഖപ്പെടുത്തിയിട്ടില്ല

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed
11(A) - Accumulated Depreciation , B-11(E)- Capital Expenses (Infrastructu
എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-6 പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ/ഇൻകം വിവരങ്ങൾ ലഭ്യമായില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (I-18 & I-19) പ്രകാരം താഴെ പറയുന്ന ലെ
ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകര
തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത
പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

6-02-2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

07.03.2025 ലെ 2 നമ്പർ ഭരണ സമിതി യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 45,573,172 |
| തൻവർഷം വരവ് | 238,084,059 |
| ആകെ വരവ് | 283,657,231 |
| ചെലവ് | 251,493,404 |
| നീക്കിയിരിപ്പ് | 32,163,827 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46570967 |
| ഓഡിറ്റ് വർഷത്തെ വരവ് | 69728117 |
| ആകെ | 116299084 |
| ചെലവ് | 66872742 |
| നീക്കിയിരിപ്പ് | 49426342 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 14751000 | 14751000 | 14741278 | 9722 |
| വികസനഫണ്ട് എസ്.സി.പി | 0 | 15898000 | 15898000 | 13607160 | 2290840 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 3659000 | 3659000 | 3658593 | 407 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 13352000 | 13352000 | 8150720 | 5201280 |
| CFC-Tied (Bank) | 1558728 | 5518500 | 7077228 | 1961766 | 5115462 |
| CFC-Tied Treasury | 0 | 1830074 | 1830074 | 1593090 | 236984 |
| CFC-UnTied(Bank) | 2430999 | 2687315 | 5118314 | 2313700 | 2804614 |

### എ) കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ICDS | 2254155 | 2055181 | 4309336 | 1819188 | 2490148 |
| Swach Bharat Abhiyan(Rural & Urban | 0 | 712650 | 712650 | 712650 | 0 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | | | | |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 17800 | 371518 | 389318 | 0 | 389318 |
| Health Grant Towards Buildingless Subcentres PHCs And CHCs | 2805500 | 95097 | 2900597 | 0 | 2900597 |
| Health Grant Towards Conversions Of PHCs And Subcentres Into Health And Wellness Centres | 19129 | 593227 | 612356 | 12422 | 599934 |

ബി)തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 913 | 1473427 | 1474340 | 1470956 | 3384 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 47637061 | 47637061 | 47637061 | 0 |
| മൂലധനചെലവ് | 0 | 2766731 | 2766731 | 2766731 | 0 |
| ആകെ | 913 | 51877219 | 51878132 | 51874748 | 3384 |

സംസ്ഥാനാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2340000 | 5300000 | 7640000 | 2840000 | 4800000 |
| ആയുർവേദ-National Ayush Mission | 500000 | 0 | 500000 | 0 | 500000 |
| ശുചിത്വമിഷൻ-Total Sanitaiton | 82 | 0 | 82 | 0 | 82 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ്-Other Than Development Fund | 16995 | 0 | 16995 | 0 | 16995 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ േ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|
| 237 | 202200084 | 155 | 71081834 | 82 | 65.40 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെ വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ല ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെല % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 18348900 | 9482841 | 51.6 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 840420 | 560285 | 66.6 |
| മെഡിക്കൽ ഓഫീസർ-PHC | 11 | 8 | 3842878 | 1970854 | 51.2 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 1050000 | 1032549 | 98.3 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 270000 | 270000 | 10 |
| വി.ഇ.ഒ | 22 | 18 | 114740679 | 23403974 | 20.4 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 12 | 7508362 | 6017008 | 80.1 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 785000 | 785000 | 10 |
| ഹെഡ് മാസ്റ്റർ | 6 | 3 | 2515000 | 478025 | 19 |
| സെക്രട്ടറി | 39 | 25 | 16287116 | 9477002 | 58.1 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 114 | 65 | 32996614 | 15637672 | 47.: |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 3015115 | 1966624 | 65.: |
| ആകെ | 237 | 155 | 202200084 | 71081834 | 35.1 |

പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 35% മാത്രമാണ് ചെലവഴിക്കാൻ കഴിഞ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 913 | 1473427 | 1474340 | 1470956 | 3384 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 50403792 | 50403792 | 50403792 | 0 |
| ആകെ | 913 | 51877219 | 51878132 | 51874748 | 3384 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടു

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8536000 | 523 |
| 2 | വാർദ്ധക്യകാല പെൻഷൻ | 25487300 | 1788 |
| 3 | വികലാംഗ പെൻഷൻ | 4061300 | 265 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 984800 | 68 |
| 5 | വിധവാ പെൻഷൻ | 15486000 | 1036 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 29.01.2026 തീയതിയിൽ 03.15 പി.എം സമയത്ത് ഫ്രണ്ട് ഓഫീസ് ക്ലാ

സ്ഥാപന മേധാവിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 31,929/- (മുപ്പത യിരത്തി തൊള്ളായിരത്തി ഇരുപത്തി ഒമ്പത്) രൂപയുടെ നീക്കിയിരുപ്പ് കൃത്യത ബോധ്യ

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾ സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതു അവതരിപ്പിച്ചുവെങ്കിലും വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകളെ ബജറ്റ് ചെലവുകളുമായി സംയോജിപ്പിച്ച് ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്ത സ്ഥാപനതല നിയന്ത്രണം സാധ്യമാക്കിയിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടി നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ ബജറ്റോ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അടുത്ത വർഷത്തെ നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിന് അനുമ പുതുക്കിയ ബജറ്റായി കണക്കാക്കുവാൻ പാടില്ലായെന്നും 2011 ലെ കേരളാ പഞ്ചാ (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം-72ൽ നിർദേശിച്ചിട്ടുണ്ടെങ്കിലും ചെലവുകൾക്ക അനുപൂരകബജറ്റോ പുതുക്കിയ ബജറ്റോ യഥാസമയം അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് ചെയ്തിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ പൂർണമായി അക്കൗണ്ട് ചെ സംയുക്ത പ്രോജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ കണക്കുകൾ പരിപാലിയ്ക്കുന്നതിനും കഴിഞ്ഞിട്ടില്ല. പദ്ധതികൾ നിർവ്വഹിയ്ക്ക നടപടിക്രമങ്ങളിൽ പിഴവുകളുണ്ടായതായതിനാൽ ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

01.04.2011 മുതൽ 12.04.2011 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 200 2009-10വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 12.05.2011ൽ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഒരു ഖണ്ഡിക മാത്രം തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-11 കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള പണമിടപാടുകളിലെ ന്യൂനതകൾ

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ നം.66/2025/L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കെ-സ്മാർട്ട് സംവിധാനം ആരംഭിക്കു മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫ പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ചെലവുകളു കെ-സ്മാർട്ടിലൂടെയാണ് സ്വീകരിക്കേണ്ടതും നൽകേണ്ടതും മാനുവൽ രസീതുകൾ ഉപ പാടില്ലെന്നും ഫീൽഡിൽ പോയി പിരിച്ചെടുക്കുന്ന തുകകളും നിർവ്വഹണ ഉ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതങ്ങളും സ്വീകരിക്കുന്നതിന് ഇ-പോസ് ഉപയോഗിക്കണമെന്നും നിർദേശിക്കുന്നുണ്ട്. നിയമാനുസൃത രജിസ്റ്ററുകളും റി യഥാസമയം തയ്യാറാക്കി ഏർപ്പെടുത്തുന്നതിനും വിവിധ ഔദ്യോഗിക സംവിധ പരിശോധനകൾക്കായി പ്രസ്തുത രജിസ്റ്ററുകളും റിപ്പോർട്ടുകളും ഓൺലൈനായ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഐ. ചുമതലപ്പെടുത്തിയിട്ടുണ്ട്. 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിലെ

സോഫ്റ്റ്‌വെയർ മുഖേനയുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകത
ചേർക്കുന്നു.

1) 15.04.2025 മുതൽ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി അടവാക്ക സ്മാർട്ട് ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയതുമായ തുകകൾ ബന്ധപ്പെട്ട ലെഡ്ജറുകള ബുക്കിലും വരവായി രേഖപ്പെടുത്തുന്നുണ്ട്. പ്രസ്തുത തുകകളിൽ ഏതൊക്കെ വരവുകൾ തീയതിയിലാണ് പഞ്ചായത്തിന്റെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് യഥാ ക്രെഡിറ്റായതെന്ന വിവരം ലഭ്യമാവുന്നത് ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ട് പ്രകാരമാ ഡിസ്ബേഴ്സ് റിപ്പോർട്ട് പരിശോധനയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) 10.04.2025 മുതൽ 01.05.2025 വരെ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺ സ്വീകരിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ വിവരങ്ങൾ ഇ-പേ റിപ്പോർട്ടിൽ ലഭ്യമല്ല. പ്രസ്തുത തുകകൾ ക്രെഡിറ്റായിട്ടുണ്ടോയെന്ന വിവരം രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

Ii) 2025-26 വർഷം മുതൽ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി തുകകൾ യഥാർത്ഥത്തിൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ റീക്കൺസിലേഷൻ നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ ക്രെഡിറ്റായ വരവുകളുടെയും ക്രെ വരവുകളുടെയും വിവരം നിലവിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

Iii) ഓൺലൈനായി സ്വീകരിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡി റീക്കൺസിലിയേഷൻ നടത്തുന്നതിനും ഓഡിറ്റിൽ പരിശോധനയ്ക്കും, ഒരു കാലയളവിലേക്ക് ഓരോ ബാങ്ക് അക്കൗണ്ടിലേക്കും ക്രെഡിറ്റായിട്ടുള്ള തുകകളുടെ അടങ്ങിയ ഇ-ഡിസ്ബേഴ്സ് റിപ്പോർട്ട് നിലവിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ആയതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്.

2) കെ-സ്മാർട്ട് ആരംഭിച്ച ശേഷം നാളിതുവരെ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളു ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനക്കായി ഒരു നിശ്ചിത പിരിയഡിനുള്ളിൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. അ നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്.

3) സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 73 പ്രകാരം 3 ഇ-പോസ് മെഷീനുകൾ ലഭ്യമായതാ റിപ്പയറിലാണെന്നും രണ്ടെണ്ണം വിതരണം ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. എ സ്മാർട്ട് പരിശോധിച്ചതിൽ 4 ഇ-പോസ് മെഷീനുകൾ ലിങ്ക് ചെയ്തിട്ടുള്ളതായി കാണുന്നു. മെഷീനുകളുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററിലെ കണക്കുകളിൽ വ്യത്യാസമുണ്ട് . കൂടാ പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഓരോ ബിൽ കളക്ടറുടെയും ഒരു നിശ്ചിത കാലയള ഇ-പോസ് കളക്ഷൻ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമാവുന്നതിനുള്ള ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്.

4) കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയി (എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൌണ്ടിങ്ങ് ചട്ടം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്ക ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്ത എന്നാൽ കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ ആരംഭിച്ചിട്ടുണ്ടെങ്കിലും എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും 2025 ഏപ്രിൽ

റീക്കൺസിലിയേഷൻ മാത്രമേ നടത്തിയിട്ടുള്ളൂ. 2025 മെയ് മാസം മുതലുള്ള റീക്കൺസ കെ-സ്മാർട്ടിൽ നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ 13/03.02.2026-ന് മറുപടിയായി ഒരു ഇ-പോസ് മെഷീന്റെ വിവരങ്ങൾ രജിസ്റ്ററിൽ വിട്ടുപോയതാണെന്നും ആയത് രേഖപ്പെടുത്തി കാലികമാക്കുന്നതാണെന്നും സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങളാണ് മറ്റ് അപാകതകൾക്ക് കാരണമെന്ന പരിഹരിക്കുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കുന്ന അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ</u>

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 6 എന്നിവയിലെ പട്ടികകൾ പ്രകാരമുള്ള തൊഴ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ച തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ അപാകതകൾ കാണുന്നു.

### 1. ട്രേഡേഴ്സ് തൊഴിൽ നികുതി അടവാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര്, ഉടമസ്ഥന്റെ പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് (₹) | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 22 | ആലത്തൂർ ഡിസ്ട്രിബ്യൂട്ടേഴ്സ്, പി.പി അജിത്ത് | 50 ലക്ഷം രൂപ (സേവനം) | 5000 | 1240205002/ 21.02.2025 |

മേൽ സ്ഥാപനത്തിന് JC3-1030/2025 ഫയൽ നമ്പരായി 2025-26 വർഷത്തേക്ക് ലെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ലൈസൻസിൽ ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാ രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനം 2024-25 വർഷത്തിലെയും 2025-26 വർഷ ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേ

### 2. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2024-25 വ ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈട മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കുകയോ ചെ

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | മനോജ് കുമാർ |
| 2 | കൃഷ്ണരാജ് എ കെ |
| 3 | സുരേഷ്കുമാർ പി |

| | |
|---|---|
| 4 | സാജു കെ ആർ |
| 5 | രജീഷ് ഗോപി |
| 6 | ചന്ദ്രൻ എം |
| 7 | അനന്തൻ |
| 8 | ചന്ദ്രബോസ് കെ സി |
| 9 | ആലത്തൂർ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |
| 10 | ജയരാജൻ കെ |

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ തൊഴിൽ നികു ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3. തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല

സ്ഥാപനങ്ങൾ ലഭ്യമാക്കിയ റിട്ടേണുകളിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം | ഈടാക്കിയ തൊഴിൽ നികുതി(₹) | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | TVS Personal Mobility Private Limited | 11<br>13 | രണ്ട്<br>രണ്ട് | 12250<br>15250 | 1240205011/ 21.02.2025<br>1240205010/ 21.02.2025 |
| 2 | TVS Vehiclel Mobility Private Limited | 54 | രണ്ട് | 65500 | 1240205012/ 21.02.2025 |
| 3 | സീതാലക്ഷ്മി റൈസ് മിൽ | 4 | രണ്ട് | 1280 | 1240205475/ 05.03.2025 |
| 4 | സീതാലക്ഷ്മി ട്രേഡേഴ്സ് | 2 | ഒന്ന് | 640 | 1240205477/ 05.03.2025 |
| 5 | സീതാലക്ഷ്മി ട്രേഡേഴ്സ് | 2 | രണ്ട് | 640 | 1240205477/ 05.03.2025 |
| 6 | വെറ്റിനറി ഡിസ്പെൻസറി കണ്ണാടി | 2 | രണ്ട് | 550 | 1240205351/ 03.03.2025 |
| 7 | ഫണ്ടൂറ, ലുലുമാൾ | 10 | രണ്ട് | 8000 | 1240205558/ 07.03.2025 |

| | | | | | |
|---|---|---|---|---|---|
| 8 | ല്വല്വ കണക്ക് | 28 | രണ്ട് | 21650 | 1240205559/ 07.03.2025 |

I) മേൽ പ്രകാരം ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ തൊഴി ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

Ii) ക്രമ നമ്പർ 6 ലെ ജീവനക്കാരിൽ നിന്നും നികുതി സ്ലാബിൽ ഉൾപ്പെടാത്ത നിരക്ക (₹250, ₹300) തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അർദ്ധവാർഷിക കൃത്യമായി രേഖപ്പെടുത്തിയ റിട്ടേണുകൾ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4. സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ ‹**

2024-25 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷത്തിൽ 1996 ലെ കേരള ‹ രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും രണ്ടാം അർദ്ധവർഷത്ത (സാധാ)നം.114/2024/LSGD/27.06.2024 പ്രകാരവും ആണ് തൊഴിൽ നികുതി ഈട തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തി അർദ്ധവർഷത്തിലെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു. വിശദാംശ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര്, | അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കിയ തൊഴിൽ നികുതി (₹) | രസീത് നമ്പർ/ തീയതി, തുക | ഈടാക്കേണ്ട തൊഴിൽ നികുതി (₹) | കു (₹ |
|---|---|---|---|---|---|---|
| 1 | സജിത കെ, കാഴ്ചപറമ്പ് ക്ഷീരസംഘം | 72984 | 600 | 1240205497/ 06.03.2025 ₹2600 (3 ജീവനക്കാർ) | 750 | 1: |
| 2 | സൂര്യകുമാർ കെ.പി, സുരഭി അക്വാ മിനറൽസ് | 45600 | 600 | 1240205441/ 04.03.2025 ₹5550 (8 ജീവനക്കാർ) | 750 | 1: |
| 3 | ബാലസുബ്രമണ്യം, സുരഭി അക്വാ മിനറൽസ് | 45600 | 600 | | 750 | 1: |
| 4 | ദിനേഷ് കെ, കൃഷിമിത്ര എക്വിപ്മെന്റ്സ് | 64000 | 600 | 1240205358/ 03.03.2025 ₹5550 (8 ജീവനക്കാർ) | 750 | 1: |
| 5 | രതീഷ്, കൃഷിമിത്ര എക്വിപ്മെന്റ്സ് | 52000 | 450 | | 750 | 3( |

| ആകെ | | 900 |
|---|---|---|

കുറവ് തുക 900/- രൂപ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കി
അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/05.02.2026 ന് മറുപടി ലഭിച്ചില്ല)

**1-13 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നതിനും പ്രസ്തുത കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനിക ചുമത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിലവിലുള്ള വസ്തുനികുതി 01.04.2023 പ്രാ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നം.77/2023/LSGD തീയതി- 22.03.2023 പ്രകാരവും, ഗ്രാമപഞ്ചായത്തിലെ കെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകളുടെ പട്ടിക 05.04.2023 (അച്ചടി) നം.25/2023/LSGD നമ്പർ ഉത്തരവു പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. വ നിർണ്ണയ വിവരങ്ങൾ, ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ കണ്ണ പഞ്ചായത്തിന്റെ 30.06.2023 ലെ തീരുമാനം നം.4/1 പ്രകാരം മേൽ ഉത്തരവുകൾക്ക കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിശ്ചയിച്ച് അംഗീകരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

1. മേൽ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്ക് നിശ്ച എന്നാൽ 2024-25 വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ പരിശോധിച്ചതിൽ ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളും രേഖപ്പെടു നിയമാനുസൃതം വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്യ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും ജിംനേഷ്യങ്ങളുടെ വിവരം ചുവടെ ന

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥലം |
|---|---|---|
| 1 | മൈ ഫിറ്റ്നസ് ക്ലബ് & വെൽനെസ് സെന്റർ | ഞായറാഴ്ചക്കാവ് |
| 2 | സ്പാർട്ടൻസ് | നെടുവക്കാട് |
| 3 | പാലന ഹെൽത്ത് ക്ലബ് | കണ്ണാടി |
| 4 | കോർ ഫിറ്റ്നസ് ക്ലബ് | കാടാകുറിശ്ശി |

ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മേൽ ജിം ഉൾപ്പെട്ടിട്ടില്ല.

2. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്. ആയത് സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എൽ.എസ്.ജി.ഡി-ആർ.ഡി 1 തീയതി 01.08.2022 നമ്പർ സർക്കുലർ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെട

I) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരം 1963 ലെ Kerala Public Places Of Resort Act പ്രകാരം ലൈസൻസില്ലാതെ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക

Ii) പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേ മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകുക

Iii) നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല

മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ജിംനേഷ്യങ്ങളെ ലൈസൻസ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ 14/04.02.2026-ന് മറുപടിയായി മേൽ പരാമർശ പ്രകാരമുള്ള ജിംനേഷ്യങ്ങളെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും വസ്തു നികുതി ചുമത്തുന്നതിനും കത്ത് നൽകിയ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ജിംനേഷ്യങ്ങളി നിയമാനുസൃതമുള്ള വസ്തു നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ ഫീൽഡ്തല പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളെ കൂടി കണ്ടെത്തി തുടർ സ്വീകരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. പ്രകാരം 2017-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ചട്ടങ്ങൾ (ഫാക്ടറികൾക്കും വ്യാപ മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2(10) പ്രകാരം പട്ടിക രണ്ടിൽ വിറ്റുവരവിന് പകരം മൂലധന നിക്ഷേ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്ന ഉൽപാദനം, സേവനം എന്നിങ്ങനെയും തരം തിരിച്ച് പരമാവധി ലൈസൻ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം അപേക്ഷകളിൽ മൂലധന രേഖപ്പെടുത്തേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശേ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 05.04.2025 തീയതിയിൽ നടന്ന പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ തീരു 8(1) പ്രകാരം നിലവിൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസാണ് നിലവില ആയത് പ്രകാരം 10 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള സേവന വിഭാഗത്തിലെ സ്ഥാപ 500/- രൂപയാണ് ഫീസ് ഈടാക്കി വരുന്നതെന്നും ആയതിനു മാറ്റം വരുത്ത വിഭാഗത്തിൽ 2 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള സ്ഥാപനങ്ങൾക്ക് 300/- രൂപയും 2,0 മുതൽ 10 ലക്ഷം വരെ മുതൽമുടക്കുള്ള സ്ഥാപനങ്ങൾക്ക് 500/- രൂപയും ചട്ടപ്രകാ ലൈസൻസ് ഫീസ് സ്ലാബുകളിൽ മാറ്റം വരുത്തേണ്ടതില്ലെന്നും അംഗീകരിച്ചിട്ടുണ ഭരണസമിതി തീരുമാന പ്രകാരം 2024-25 വർഷത്തിൽ നൽകിയ ലൈസ

ഈടാക്കേണ്ട മിനിമം നിരക്ക് മേൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസാണ് ബാ ഭരണസമിതി തീരുമാനത്തിനു ശേഷമുള്ള ലൈസൻസുകൾക്കാണ് പുതുക്കിയ ബാധകമെന്നും കാണുന്നു. 2024-25 വർഷത്തിൽ നൽകിയ ലൈസൻസുകളിൽ ഭ തീരുമാനം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് തന്നെ നിശ്ചയിച്ച ലൈസൻസ് ഫീസില തുക ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജി. ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തരം | മൂലധന നിക്ഷേപം (₹) | ലൈസൻസ് ഫീസായി ഈടാക്കേണ്ട തുക (₹) | ലൈസൻസ് ഫീസായി ഈടാക്കിയ തുക (₹) | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|---|
| 1 | TVS Personal Mobility Solution Pvt Ltd, Manalur | സേവനം, മീഡിയം | -* | 10,000.00 | 4,000.00 | 124020463000/ 11.02.2025 |
| 2 | ജെയ്‌വിൻ ടീ സ്റ്റാൾ | സേവനം, മൈക്രോ | 25,000.00 | 500.00 | 300.00 | 1240204636/ 11.02.2025 |
| 3 | സുറുമി സ്റ്റോഴ്സ് മുതുകാട് | സേവനം, മൈക്രോ | 20,000.00 | 500.00 | 300.00 | 1240204699/ 13.02.2025 |
| 4 | പ്രസാദ് ടെക്സ്റ്റെയിൽസ് | സേവനം, മൈക്രോ | 1,50,000.00 | 500.00 | 300.00 | 1240204998/ 21.02.2025 |
| 5 | ഗംഗാലക്ഷ്മി ബേക്കറി | സേവനം, മൈക്രോ | 50,000.00 | 500.00 | 300.00 | 1241200148/ 22.02.2025 |
| ആകെ | | | | | | |

* മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സേവന മേഖലയിലെ എന്റർപ്രൈസിന് ഫീസ് കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്.

മേൽ പ്രകാരമുള്ള കുറവ് തുക 6,800/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈട അല്ലാത്ത പക്ഷം വരവിനങ്ങളിലെ നഷ്ടമായി നിജപ്പെടുത്തി ഉത്തരവാദിയായ ഉദ്യോ നിന്നും ഈടാക്കേണ്ടതുമാണ്.

2. 1996-ലെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 17,18 എന്നിവ പ്രകാരം ലൈ പ്രവർത്തിക്കുന്ന യന്ത്രോപകരണങ്ങളുള്ള സ്ഥാപനങ്ങൾക്ക് കുതിരശക്തിയുടെ അടിസ പട്ടിക മൂന്ന് പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാവുന്നതാണ്. ചുവടെ ചേർ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കായിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ലൈസൻസ് ഫീസ് ഈടാക്കിയ രസീത് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | GAS EMART പെട്രോൾ പമ്പ് | 4.5 | 50.00 | 1240204750/ 14.02.2025 |
| 2 | പ്രിൻസ് റോളർ ഫ്ലോർ മിൽസ് പ്രൈവറ്റ് ലിമി. | 450 | 2,250.00 | 1240204962/ 20.02.2025 |
| 3 | ESSAR Engineering | 8.5 | 100.00 | 1240204983/ 20.02.2025 |
| ആകെ | | | 2,400.00 | |

മേൽ പ്രകാരം മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും 2,4 ഈടാക്കേണ്ടതും അല്ലാത്ത പക്ഷം വരവിനങ്ങളിലെ നഷ്ടമായി നിജപ്പെടുത്തി ഉത്ത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

3. ലൈസൻസ് ഫീസ് സ്ലാബിൽ ഉൾപ്പെടാത്ത നിരക്കിൽ ഫീസ് ഈടാക്കിയ ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തരം | മൂലധന നിക്ഷേപം (₹) | ലൈസൻസ് ഫീസായി ഈടാക്കിയ തുക (₹) | രസീത് നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പരമൻ ടീ സ്റ്റാൾ | സേവനം | -* | 300.00 | 1240204644/ 12.02.2025 | ലൈസ ഫീസ് പ്രകാരം നിക്ഷേപ അടിസ്ഥ ബാധക നിരക്ക 1000, 5 10000, എന്നിവ |
| 2 | GAS EMART പെട്രോൾ പമ്പ് | സേവനം | 10,00,000.00 | 7,000.00 | 1240204750/ 14.02.2025 | |
| 3 | ടി.എം.കെ ടീ ഷോപ്പ് | സേവനം | -* | 300.00 | 1240204976/ 20.02.2025 | |

* രേഖപ്പെടുത്തിയിട്ടില്ല

ക്രമപ്രകാരമല്ലാതെ ലൈസൻസ് ഫീസ് ഈടാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/03.02.2026)

## 1-15 ആംബുലൻസ് വാഹനത്തിന്റെ ഉപയോഗവും വരവും സംബന്ധിച്ച അപാകത

സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ, തീയതി 30.6.2007 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണെന്നും പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാ ആംബുലൻസ് വാഹനങ്ങൾ സ്വകാര്യ ആവശ്യത്തിനായി വാടകയ്ക്ക് നൽകാവുന്ന വാഹനങ്ങൾക്ക് നിശ്ചിത ഫോറത്തിലുള്ള ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്നും ഓരേ

അത് ചെയ്ത ആളുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും കസ്റ്റോഡിയൻ ഓഫീസർ ലേ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാ ബോധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെട്ട ആറുമാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ രേഖപ്പെടുത്തേണ്ടതും ഓരോ അർദ്ധവർഷത്തിലെയും വരവ്-ചെലവ് കണക്കുകൾ ന കസ്റ്റോഡിയൻ ഓഫീസർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നിശ്ചിത രീതിയിലുള്ള സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

KL 09 AV 8740 രജിസ്ട്രേഷൻ നമ്പരിലുള്ള ഒരു ആംബുലൻസ് സ്വകാര്യ ആവശ ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകുന്നുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ RP-5 ര പ്രസ്തുത ആംബുലൻസിന്റെ വാടക ഇനത്തിൽ (ഹെഡ്കോഡ്:150400101) 1,09,3 വരവുണ്ട്. ആംബുലൻസിന്റെ വാടക വരവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്ക

1. ആംബുലൻസ് വാഹനങ്ങൾ സ്വകാര്യ ആവശ്യത്തിനായി വാടകയ്ക്ക് നൽകുന്നത് ന ബൈലോ, ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള വാടക നിരക്ക് എന്നിവ പരിശേ ലഭ്യമാക്കിയിട്ടില്ല.

2. 31.12.2025 മുതൽ ഓരോ ദിവസത്തെയും ആംബുലൻസ് വാടക വരവുകൾക്ക് പ്രത്യേ ബുക്ക് മുഖേന രസീത് നൽകി എഴുതി സൂക്ഷിക്കുകയും 30.03.2025 മുതൽ ഓരോ ദിവ ആംബുലൻസ് വാടക വരവുകൾ കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്തി 01.04.2024 മുതൽ 30.12.2025 വരെയുള്ള വരവുകൾ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

3. ആംബുലൻസിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ യാത്ര ചെയ്ത സാക്ഷ്യപ്പെടുത്തുകയോ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച രേഖപ്പെടുത്തുകയോ ഫ്യൂവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ട

4. ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിലെ വര കണക്കുകൾ സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക രീതിയിലുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.

5. മേൽ ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്, റിപ്പയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിച്ചിട്ടില്ല. ഫ്യൂവൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ‹ നമ്പർ 20/04.02.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആംബുലൻസി വരവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിച്ചുറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. മേൽ അപാ മറുപടി ലഭ്യമാക്കേണ്ടതും ആയത് പൂർണമായും പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 കോക്ലിയർ ഇംപ്ലാന്റേഷൻ - മെയിന്റനൻസിന് തുക അനുവദിക്കൽ-ചെലവഴിക്ക തിരികെ അടവാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 195/25 SO (കോക്ലിയർ ഇംപ്ലാന്റേഷൻ) |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ | 150000 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 150000 |
| ബിൽ നം/ തീയതി | 16/17.12.2024, 150000 |

2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ കോക്ലിയർ ഇംപ്ലാന്റേഷൻ പ്രൊജ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും 23/12/2023 തീയതിയിലെ 1/(4) നമ്പർ പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. .ഗുണഭോക്താക്കളുടെ വിവ ചേർക്കുന്നു.

1. അനുരാജ് S/O സജിത, താണിക്കൽ

2. ആദി ദേവ് S/O സജിൽ, പള്ളികണ്ടത്ത്

3. നിഹാൽ കൃഷ്ണ S/O സുഭാഷ് , വടക്കേവീട്

ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായി 50,000 രൂപ വീ 150000 രൂപ കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേയ്ക്ക് പദ്ധത നൽകിയിട്ടുണ്ട്. (A/C No.3301005800000015).

പ്രൊജക്ട് പ്രകാരം കൈമാറിയ തുകയുടെ ധനവിനിയോഗവിവരം അറിയിക്കാ സൂപ്പർവൈസർ 17.7.25 ന് KSSM ന് കത്ത് നല്കിയിട്ടുണ്ട്. സ്ഥാപനം 22.08.2025 ത നൽകിയ SHA/865/2025-MGR(FIN) നമ്പർ മറുപടി കത്തിൽ 150000 രൂപ നിഹ അനുരാജ്, ആദി ദേവ് എന്നീ ഗുണഭോക്താക്കളുടെ ചികിത്സക്കായി കേരള സ്റ്റേറ്റ് ഏജൻസിയുടെ അക്കൗണ്ടിൽ ലഭ്യമായതായി അറിയിച്ചിട്ടുണ്ട്.

ലഭ്യമാക്കിയ UC പ്രകാരം തുകയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| | Received Amount | Utilized Amount |
|---|---|---|
| Fund Received From KSSM | 2023-24 | |
| ആദി ദേവ് | 50000 | 49554.50 |
| നിഹാൽ കൃഷ്ണ | 50000 | 13275 |
| Riza Ahammed | 50000 | 17939 |
| | 150000 | |
| Fund Received In SHA | 2024-25 | |
| അനുരാജ് | 50000 | |
| നിഹാൽ കൃഷ്ണ | 50000 | |
| ആദി ദേവ് | 50000 | |
| | 150000 | |
| ആകെ | 300000 | 80,768.50 |

ബാക്കി തുക ഇതേ ഗുണഭോക്താക്കളുടെ തുടര്‍ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന
അറിയിച്ചിട്ടുണ്ട്.

നിഹാല്‍ കൃഷ്ണ , ആദി ദേവ് എന്നീ ഗുണഭോക്താക്കള്‍ക്ക് 2023-24 വര്‍ഷത്തെ ചെ
യഥാക്രമം 36725/- രൂപയും 445.5 രൂപയും ഏജന്‍സിയില്‍ ബാക്കി നിലനില്‍ക്കെയാ
25 ല്‍ 50,000 രൂപ വീതം വീണ്ടും അതേ ഗുണഭോക്താക്കള്‍ക്കായി അനുവദിച്ചിട്ടുള്ളത്.

കൂടാതെ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തില്‍ അനുരാജ് ആര്‍ എന്ന ഗുണഭേ
ചികിത്സക്കായി നല്‍കിയ തുകയുടെ വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടുമില്ല.
2024-25 സാമ്പത്തിക വര്‍ഷം അനുവദിച്ച തുകയുടെ വിനിയോഗവിവരവും മെയിന്റന
ഉപയോഗിക്കാത്ത തുക തിരികെ അതത് ഫണ്ടില്‍ അടവാക്കിയ വിവരവും അറി
ആവശ്യപ്പെട്ട് നല്‍കിയ ഓഡിറ്റ് അന്വേഷണം 7-3/2/26 ന് മെയിന്റന
ഉപയോഗിക്കാത്ത തുക തിരികെ അടവാക്കുന്നതിന് കേരള സ്റ്റേറ്റ് ഹെല്‍ത്ത് ഏ
അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2024-25 സാമ്പത്തിക വര്‍ഷം അനുവദിച്ച തുകയുടെ വിനിയോഗവിവരവും മെയിന്റന
വിനിയോഗിക്കാത്ത തുക കേരള സ്റ്റേറ്റ് ഹെല്‍ത്ത് ഏജന്‍സിയില്‍ നിന്നും തിരികെ
സര്‍ക്കാരിലേക്ക് തിരിച്ചടക്കേണ്ടതും വിവരം രേഖകള്‍ സഹിതം അറിയിക്കേണ്ടതുമാണ്

## 1-17 സര്‍ക്കാര്‍ ഉത്തരവ് പാലിക്കാതെ ഫാര്‍മസിസ്റ്റിന് വേതനം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | 73/25<br>കണ്ണാടി കുടുംബാരോഗ്യ കേന്ദ്രം സായാഹ്ന ഒ പി ജീവനക്കാരുടെ നിയമനം |
| നിര്‍വഹണ ഉദ്യോഗസ്ഥന്‍ | മെഡിക്കല്‍ ഓഫീസര്‍, എഫ്.എച്ച്.സി |
| അടങ്കല്‍ | 10,00,000 (തനത് ഫണ്ട്) |
| ചെലവ് | 318675 (തനത് ഫണ്ട്) |
| വൌച്ചര്‍ നമ്പര്‍/ തീയതി | 1. വൌച്ചര്‍ നമ്പര്‍ 22400453<br>തീയതി 29/8/24<br>തുക 22950<br>2. വൌച്ചര്‍ നമ്പര്‍ 22400555<br>തീയതി 24/9/24<br>തുക 22950<br>3.വൌച്ചര്‍ നമ്പര്‍ 22400668<br>തീയതി 11/11/24<br>തുക 22100<br>4. വൌച്ചര്‍ നമ്പര്‍ 22400879<br>തീയതി 11/11/24<br>22950 |

| | | |
|---|---|---|
| | | തുക 22950<br>വൌച്ചർ നമ്പർ 22400863<br>തീയതി 5/12/24<br>തുക -31360<br>5.വൌച്ചർ നമ്പർ 22400911<br>തീയതി 17/12/24<br>തുക 75870<br>6.വൌച്ചർ നമ്പർ 22401026<br>തീയതി 20/1/25<br>തുക 75870<br>7.വൌച്ചർ നമ്പർ 22401203<br>തീയതി 14/2/25<br>തുക 22100<br>8.വൌച്ചർ നമ്പർ 22401347<br>തീയതി 17/3/25<br>തുക 22525 |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ കൈ) 115/2022 ത സ്വ ഭ വ. തീയതി 28.5.2022 ഖണ (Iii) പ്രകാരം പി എച്ച് സി /സി എച്ച് സി കളുടെ പ്രവർത്തനം ഉച്ചകഴിഞ്ഞ് കൂടി ഉറപ്പ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കാവുന്നതാണ്. നിയോഗിക്കപ്പെടുന്നവർ രാവിലെ 9 മണി മുതൽ വൈകിട്ട് ആറു മണിവരെ സേവനം ന ടീമായി മറ്റ് ഡോക്ടർമാരുമായി ചേർന്ന് പ്രവർത്തിക്കണം. കൂടാതെ ഫീൽഡ് തല ഉപകേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. ഉച്ചകഴിഞ്ഞ് മുതൽ 6 മണി വരെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഡോക്ടർമാരുടെയും നേഴ്സുമാരുടെ ഉറപ്പുവരുത്തണം.

മേൽ പ്രൊജക്റ്റ് പ്രകാരം താത്കാലിക ഡോക്ടറായ ഡോ. റിഷി കൃഷ്ണൻ ആർ, തെക്കേ കുട്ടിക്കട (പി ഒ), കൊല്ലത്തിനും ഫാർമസിസ്റ്റായ പ്രജിത കെ , മൂത്തേടത്ത് , വക്കാ എന്നവർക്കുമുള്ള വേതനമാണ് തനതുഫണ്ടിൽ നിന്നും തൻവർഷം നല്കിയിട്ടുള്ളത്.

1/10/24 തീയതിയിലെ 1(1) ഭരണസമിതി തീരുമാനപ്രകാരം കണ്ണാടി ഗ്രാമ കുടുംബാരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ പി ക്കായി ഡോക്ടറെ ന തീരുമാനമെടുത്തിട്ടുണ്ട്.

മെഡിക്കൽ ഓഫീസറുടെ 15/10/2024 തീയതിയിലെ 373/2024 നമ്പർ നടപടിക്രമ താത്കാലിക ഡോക്ടർക്കുള്ള ഡ്യൂട്ടി ടൈം നല്കിയിട്ടുള്ളത് 11 മുതൽ 4 വരെയാണ്.
ഫയൽ പ്രകാരം 15/10/ 2024 മുതൽ 31/12/24 വരെ മാത്രമാണ് സായാഹ്ന ഒ താത്കാലിക ഡോക്ടർ ജോലി ചെയ്തിട്ടുള്ളതും വേതനം അനുവദിച്ചിട്ടുള്ളതും. എന്നാൽ 2. 28.2.25 വരെ ഫാർമസിസ്റ്റിന് പ്രൊജക്റ്റ് ഫണ്ടിൽ നിന്നും വേതനം അനുവദിച്ചിട്ടുണ്ട്. ന പി പ്രവർത്തിച്ചത് 15.10.24 മുതൽ 31.12.24 വരെ മാത്രമായിട്ടും ഫാർമസിസ്റ്റിന് 2.

28.2.25 വരെ വേതനം അനുവദിച്ചത സബസിഡി മാർഗനിർദേശങ്ങളിലെ വ്യവസ്ഥക
അനുദനീയമല്ല.

28/6/2024 തീയതിയിലെ 12(11) ഭരണസമിതി തീരുമാനപ്രകാരം "കുടുംബാരോഗ്യ കേ
ഫാർമസിസ്റ്റ് 5 വർഷത്തെ ശൂന്യ വേതന അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ
തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് മൂലം മരുന്ന് വിതരണത്തെ ബാധിക്കുമെന്നതിനാൽ ‍
റാങ്ക് ലിസ്റ്റിൽ (ഗ്രാമപഞ്ചായത്ത് കൂടികാഴ്ച നടത്തിയ) നിന്നും ഒരു ഫാർമസിസ്റ്റിന്റെ (പ
പ്രജിത കെ ) സേവനം ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ സമർപ്പിച്ച
പരിഗണിച്ച് ഫാർമസിസ്റ്റിനെ നിയമിക്കുന്നതിന് " തീരുമാനമെടുത്തിട്ടുണ്ട്.
ഓഫീസറുടെ 1/7/2024 തീയതിയിലെ Order 447/2024നടപടിക്രമം പ്രകാരം ഫാ
ഡ്യൂട്ടി ടൈം നല്കിയിട്ടുള്ളത് 9 മുതൽ 4 വരെയാണ്. ഇപ്രകാരം എഫ്.എച്ച്.സിയി
തസ്തികയിലെ ഒഴിവ് നികത്തുന്നതിനായി നിയമിച്ച ഫാർമസിസ്റ്റിനാണ് സായാഹ
ജീവനക്കാരുടെ നിയമനം എന്ന പദ്ധതിയിൽ നിന്നും വേതനം നൽകിയിട്ടുള്ളത്.

ആരോഗ്യവകുപ്പിലെ സ്ഥിരം തസ്തികയിലെ ഫാർമസിസ്റ്റ് 5 വർഷം ലീവ് എടുക്ക
തസ്തികയിലേക്ക് ആരോഗ്യവകുപ്പാണ് പോസ്റ്റിങ്ങ് നടത്തേണ്ടത്. പ്രസ്തുത തസ്തി
ഗ്രാമപഞ്ചായത്ത് ദിവസവേതനത്തിന് ഫാർമസിസ്റ്റിനെ നിയമിച്ച് സായാഹ്ന ഒ പി
പദ്ധതിയിൽ നിന്നും വേതനം നൽകിയത് ക്രമപ്രകാരമല്ല.

26-07-2023തീയതിയിലെ സ.ഉ.(സാധാ) നം.1523/2023/LSGD നമ്പർ
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ആവർത്ത
വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതിയില്ലാതെ തദ്ദേശ
സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല എന്ന് വ്യക്തത വരുത്തിയിട്ടുള്ളതാണ്.

പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അധിക
ദിവസ വേതന/ കരാർ അടിസ്ഥാനത്തിൽ അനുമതി കൂടാതെ നിയമിക്കുന്ന പ്രവണത
ഇങ്ങനെ സ്റ്റാഫുകളെ നിയമിക്കുന്നത് പരിശോധനയുടെ അടിസ്ഥാനത്തിൽ വകുപ്പു
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയല്ല എന്നും ഉത്തരവിൽ വ്യക്തമാ
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ /കുടുംബാരോഗ്യ കേന്ദ്രം /പ്രൈമറി ഹെൽത്ത്
എന്നിവിടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മെച്ചപ്പെട്ട അടിസ്ഥാന
ഒരുക്കുന്നതിന് മുൻഗണന നൽകാവുന്നതാണെന്നും എന്നാൽ ആവർത്തന ചെല
രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതിയില്ലാതെ തദ്ദേശ സ്വയംഭരണ സ്ഥ
ഏറ്റെടുക്കേണ്ടതില്ല എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

15/10/ 2024 മുതൽ 31/12/24 വരെ മാത്രമാണ് സായാഹ്ന ഒ പി യിൽ താത്കാലി
ജോലി ചെയ്തിട്ടുള്ളതും വേതനം അനുവദിച്ചിട്ടുള്ളതും എന്നാൽ മറ്റു മാസങ്ങളിൽ മേൽ
വിരുദ്ധമായി ഫാർമസിസ്റ്റിന് വേതനം നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| മാസം | വൗച്ചർ നം & ഫാർമസിസ്റ്റിന് നൽകിയ വേതനം (അക്കൗണ്ട് നമ്പർ 67161636727) | താത്കാലിക ഡോക്ടർക്ക് നൽകിയ വേതനം അക്കൗണ്ട് നമ്പർ 67295726447 |
|---|---|---|
| 7/24 | 22950<br>വൌച്ചർ നമ്പർ<br>22400453 | |

| | | |
|---|---|---|
| | 22400433 തീയതി 29/8/24 | |
| 8/24 | 22950 വൌച്ചർ നമ്പർ 22400555 തീയതി 24/9/24 | |
| 9/24 | 22100 വൌച്ചർ നമ്പർ 22400668 തീയതി 11/11/24 | |
| 10/24 | 22950 വൌച്ചർ നമ്പർ 22400879 തീയതി 11/11/24 | 31360 വൌച്ചർ നമ്പർ 22400863 തീയതി 5/12/24 |
| 11/24 | 22950 വൌച്ചർ നമ്പർ 22400911 തീയതി 17/12/24 | 52920 വൌച്ചർ നമ്പർ 22400911 തീയതി 17/12/24 |
| 12/24 | 22950 വൌച്ചർ നമ്പർ 22401026 തീയതി 20/1/25 | 52920 വൌച്ചർ നമ്പർ 22401026 തീയതി 20/1/25 |
| 1/25 | 22100 വൌച്ചർ നമ്പർ 22401203 തീയതി 14/2//25 | - |
| 2/25 | 22525 വൌച്ചർ നമ്പർ 22401347 തീയതി 17/3/25 | - |

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ഫാർമസിസ്റ്റിന് വേതനം നല്കിയതിന് വ്യക്തമാക്കാനും ഇപ്രകാരം ഫാർമസിസ്റ്റിനെ നിയമിക്കുന്നതിന് സർക്കാരിൻ പ്രത്യേകാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകി അന്വേഷണം 8-3/2/2026 ന് ഗ്രാമപഞ്ചായത്തിലെ നിർദ്ധരരായ രോഗികൾക്ക് മരുന്ന്

തടസ്സപ്പെടുത്താതിരിക്കാനാണ ഭരണസമിതിയുടെ നിർദ്ദേശം അനുസരിച്ച താ ഫാർമസിസ്റ്റിനെ നിയമിച്ചിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ജില്ലാ ഓഫീസുകളിൽ നിന്നും ആഴ്ചയിൽ ഒരു ദിവസത്തേക്ക് നിയോഗിച്ച ഫാർമസിസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സ്ഥാപനത്തിൽ മരുന്ന് വിതരണം , വരുന്ന സ്റ്റോക്ക് സം കാര്യങ്ങൾ എന്നിവ സുഗമമായി നടത്താൻ കഴിയാഞ്ഞതിലാണ് മേൽപ്പറഞ്ഞ പ നിയമിച്ചതെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. കൂടാതെ സായാഹ്ന ഒ പി പ്രവർത്തനം നിയമിച്ച ഡോക്ടർ സേവനം നിർത്തി പോയതിനെ തുടർന്ന് റാങ്ക് ലിസ്റ്റിൽ (ഗ്രാമം കൂടികാഴ്ച നടത്തിയ) അടുത്ത ഡോക്ടറെ നിയമിച്ച് ഓ പി തുടരുന്നത കരുതിയിരുന്നതെങ്കിലും മറ്റു ഡോക്ടർമാരെ ലഭ്യമായില്ലെന്നും അറിയിച്ചിട്ടുണ്ട് .

സർക്കാർ ഉത്തരവ് പാലിക്കാതെ പദ്ധതി ഫണ്ടിൽ നിന്നും ഫാർമസിസ്റ്റിന് വേതം 112625 /- രൂപയുടെ ( ജൂലൈ 2024 മുതൽ സെപ്റ്റംബർ 2024 വരെയും ജനുവരി ഫെബ്രുവരി 2025 മാസങ്ങളിലെ വേതനം) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ന നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 എം സി എഫിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ - വേ ബ്രിഡ്ജ് ടിക്കറ്റുകം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 10/25 എം സി എഫിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹ 800000 ( സിഎഫ്സി 300000, തനത് ഫണ്ട് 500000) |
| ചെലവ് | ₹664262 ( സിഎഫ്സി 268996, തനത് ഫണ്ട് 395266) |
| വൗച്ചർ | 22400363/31.7.24 – 70200<br>22400566/1.10.24 – 100672<br>22401551/30.3.25 – 98124<br>22400918/18.12.24 – 83625<br>22400944/23.12.24 |

| | |
|---|---|
| | 22400944/23.12.24 – 1707<br>22400920/18.12.24 – 88110<br>22400942/24.12.24 – 1798<br>22401399/25.3.25 – 168703<br>22401380/25.3.25 – 3443<br>22401415/29.3.25 – 46922<br>22401449/30.3.25 -958 |

ഗ്രാമപഞ്ചായത്തിലെ എം സി എഫിൽ നിന്നുള്ള തരം തിരിക്കാത്ത മാലിന്യങ്ങ ചെയ്യുന്നതിനായി കരാർ ഏറ്റെടുത്ത ബി എച്ച് എൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന എഫിലെ മാലിന്യങ്ങൾ നീക്കം ചെയ്യതിനുള്ള തുക 664262 രൂപ സാമ്പത്തിക വ പ്രൊജക്റ്റിലൂടെ നൽകിയിട്ടുണ്ട്.

